**Mar Joseph Srampickal**
Bishop, Syro-Malabar Eparchy of Great Britain

Bishop's Office
Our Lady of Rosary and St. Terese of Lisieux Church,
141, Parkfield Road
Saltley, Birmingham
United Kingdom
B8 3BB
Email: bishop@csmegb.org

Circular No. 04/2021 10 March 2021

## അമോരീസ് ലെത്തീസിയാ കുടുംബവർഷം

**"ദൈവത്തിൽ വിശ്വസിച്ചതുകൊണ്ട് അവനും കുടുംബാംഗങ്ങളും അത്യധികം ആനന്ദിച്ചു" (നടപടി 16:34)**

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

നമ്മുടെ ദൈവം സ്നേഹത്തിന്റെ സംസർഗ്ഗമായ ത്രിയേകദൈവമാണ്. എല്ലാ കത്തോലിക്കാ കുടുംബങ്ങളും ഈ കൂട്ടായ്മയുടെ ജീവിക്കുന്ന പ്രതിഫലനമാണ്. ഇത്തരത്തിൽ രൂപീകൃതമായ കുടംബങ്ങൾക്ക് ഈ ആത്മാർത്ഥമായ കൂട്ടായ്മ അനുഭവിക്കാൻ സാധിക്കുന്നത് അവർ പ്രാർത്ഥനയിൽ ജീവിക്കുമ്പോഴും ക്ഷമാശീലം പ്രബലപ്പെടുമ്പോഴും പരസ്പര സൗഹാർദ്ദത്തോടെയും ദൈവഹിതത്തിനു വിധേയപ്പെട്ടും അനുദിനജീവിതത്തിന്റെ വിഷമതകളെ ലഘൂകരിക്കുമ്പോഴുമാണ്. ഈ ശരിയായ കൂട്ടായ്മ അനുഭവം ക്രമേണ കുടുംബങ്ങൾക്കിടയിൽ ഈ കൂട്ടായ്മയുടെ സന്തോഷം വ്യാപിപ്പിക്കുന്ന ദൗത്യം ഏറ്റെടുക്കുവാൻ പ്രാപ്തമാക്കുന്നു. അതിന് "കുടുംബങ്ങളിൽ സുവിശേഷവൽക്കരണത്തിന്റേയും മതബോധനത്തിന്റേയും പരിശ്രമം ആവശ്യമാണ്"(AL 200). ഫ്രാൻസീസ് മാർപാപ്പ പ്രസിദ്ധീകരിച്ച കുടുംബത്തെക്കുറിച്ചുള്ള അപ്പസ്തോലിക ലേഖനമായ അമോരീസ് ലെത്തീസിയാ (സ്നേഹത്തിന്റെ സന്തോഷം 2016)യുടെ അഞ്ചാം വാർഷിക ആഘോഷത്തോടനുബന്ധിച്ച് 2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ അമോരീസ് ലെത്തീസിയാ കുടുംബവർഷമായി മാർപാപ്പ പ്രഖ്യാപിച്ചിരിക്കുമ്പോൾ കത്തോലിക്കാ സഭയിലെ കുടുംബങ്ങളെന്നനിലയിൽ നമ്മുടെ പ്രതികരണം വളരെയധികം പ്രതീക്ഷിക്കുന്നുണ്ട്.

അമോരീസ് ലെത്തീസിയാ എഴുതപ്പെട്ടത് കുടുംബങ്ങളെ കൂടുതൽ മനോഹരമായ വിധത്തിൽ ജീവിക്കാനും അനുദിന ജീവിതത്തിലെ വിവിധങ്ങളായ വെല്ലുവിളികളെ അഭിമുഖീകരിക്കാനും പ്രാപ്തരാക്കുവാനും തുണയാകാനുമായി സിനഡാനന്തര ഉദ്ബോധനമായിട്ടാണ്. ഈ രേഖ, ഒന്നാമതായി, വിവാഹത്തിന്റെയും കുടുംബത്തിന്റേയും കൃപാവരത്തെ വിലമതിക്കാനും ഉദാരത, പ്രതിബദ്ധത, വിശ്വസ്തത, അനുകമ്പ എന്നീ ഗുണങ്ങളാൽ ശക്തമാക്കപ്പെട്ട ഒരു സ്നേഹത്തിൽ നിലനിൽക്കുവാനും എല്ലാ ക്രിസ്തീയ കുടുംബങ്ങൾക്കുമുള്ള ക്ഷണമാണ്(AL 89). രണ്ടാമതായി, കുടും

ബജീവിതം അപൂർണ്ണമായിരിക്കുകയോ, സമാധാനവും സന്തോഷവും അന്യമായിരിക്കുകയോ ചെയ്യുന്നിടത്തെല്ലാം കാരുണ്യത്തിന്റെയും അനുകമ്പാപൂർണ്ണമായ സാമീപ്യത്തിന്റേയും അടയാളമായിരിക്കുന്നതിന് എല്ലാവരേയും പ്രോത്സാഹിപ്പിക്കുന്നു (AL 322). ഈ രേഖയുടം അഞ്ചാം വാർഷികം ആഘോഷിച്ചുകൊണ്ട് ഈ കുടുംബവർഷത്തിലേക്ക് നാം പ്രവേശിക്കുമ്പോൾ, ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ ഉള്ളടക്കത്തെ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ച് നമ്മുടെ കുടുംബങ്ങൾ എത്തേണ്ട ലക്ഷ്യത്തെക്കുറിച്ച് മനസ്സിലാക്കി അതിൽ എത്രമാത്രം പുരോഗതി കൈവരിച്ചു എന്നു സ്വയം വിലയിരുത്തുവാനുള്ള അവസരമായിട്ടാണ്. സ്നേഹത്തിന്റെ സന്തോഷം അനുഭവിക്കുന്ന കുടുംബങ്ങൾ പണിതുയർത്തപ്പെടുന്നതും ബലപ്പെടുന്നതും ദൈവവചനം, കൂദാശകൾ, കുടുംബപ്രാർത്ഥന, കൂട്ടായ്മ എന്നീ നാലു തൂണുകളിലാണ്.

രൂപതാ ഫാമിലി അപ്പസ്റ്റലേറ്റ് കമ്മീഷൻ മറ്റ് കമ്മീഷനുകളോട് ചേർന്ന് ഈ കുടുംബവർഷത്തിന്റെ എല്ലാ അനുഗ്രഹങ്ങളും ലഭ്യമാക്കാൻ ആദ്ധ്യാത്മികവും അജപാലനപരവും സംസ്കാരികവുമായ പല പ്രോഗ്രാമുകളും നടത്തുവാൻ ഉദ്ദേശിക്കുന്നു. ഈ അപ്പസ്തോലിക പ്രബോധനത്തിന്റെ ഉള്ളടക്കത്തെ കൂടുതൽ വിശാലമായി പങ്കുവയ്ക്കുവാനും വിവാഹമെന്ന കൂദാശയുടെ വരദാനങ്ങളെ പ്രഘോഷിക്കുവാനും കുടുംബങ്ങളെ പ്രാപ്തമാക്കുവാനും അവ ലക്ഷ്യം വയ്ക്കുന്നു. പ്രാദേശികമായി ചെയ്യുന്ന പ്രോഗ്രാമുകൾക്കു പുറമേ രൂപതാതലത്തിൽ ക്രമീകരിക്കപ്പെടുന്ന പ്രോഗ്രാമുകളോടു സഹകരിച്ചുകൊണ്ട് നമ്മുടെ എല്ലാ ഇടവകകളും, മിഷനുകളും നിയുക്ത മിഷനുകളും, ഈ കുടുംബവർഷം ആഘോഷിക്കുവാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്ന് ഞാൻ പ്രത്യാശിക്കുന്നു. കുടുംബക്കൂട്ടായ്മകളെ പ്രാദേശിക തലത്തിൽ ക്രമീകരിക്കപ്പെടുന്ന പ്രോഗ്രാമുകൾ ഫലപ്രദമായി നടപ്പാക്കാവുന്ന വേദികളാക്കാവുന്നതാണ്.

**അമോരീസ് ലെത്തീസിയാ കുടുംബവർഷത്തിന്റെ** രൂപതാതല ഉദ്ഘാടനം **മാർച്ച് 19 ാം തീയതി വൈകുന്നേരം 8 മണിക്ക്** നടത്തപ്പെടുന്നതും അത് രൂപതയുടെ യൂട്യൂബ് ചാനലിലും (CSMEGB) ഫേസ്ബുക്കിലും (Syro-Malabar Eparchy of Great Britain) ഓൺലൈനായി പ്രക്ഷേപണം ചെയ്യുന്നതുമാണ്. രൂപതയിലെ എല്ലാ വൈദികരും, സന്യസ്തരും വിശ്വാസികളും ഉദ്ഘാടനകർമ്മത്തിൽ എന്നോടൊപ്പം പങ്കുചേരണമെന്നും സാധിക്കുമെങ്കിൽ ഇടവക, മിഷൻ, നിയുക്ത മിഷൻ തലങ്ങളിൽ കുടുംബവർഷ ഉദ്ഘാടനം നടത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അന്നേ ദിവസം തന്നെ നമ്മുടെ എല്ലാ കുടുംബങ്ങളിലും കുടുംബ പ്രാർത്ഥനയുടെ സമയത്ത് ദീപം തെളിയിച്ച് കുടുംബവർഷ ഉത്ഘാടന കർമ്മം നടത്തണമെന്നും ഞാൻ നിർദ്ദേശിക്കുന്നു. സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക ലേഖനം കേന്ദ്രമാക്കി രൂപതാതല കോൺഫ്രൻസ്, കുടുംബധ്യാനങ്ങൾ, വിവാഹ വർഷത്തിന്റെ അടിസ്ഥാന

ത്തിൽ വിവിധ ദമ്പതീ ഗ്രൂപ്പികൾക്കുവേണ്ടിയുള്ള സെമിനാറുകൾ, മാതാപിതാക്കളെ ആദരിക്കുന്നതിനെക്കുറിച്ച് കുട്ടികൾക്ക് ക്ലാസുകൾ, വിവാഹത്തിന്റെ പവിത്രതയെ ക്കുറിച്ച് യുവജനങ്ങൾക്ക് ചർച്ചാ ക്ലാസ് തുടങ്ങിയ പ്രോഗ്രാമുകൾ ഈ വർഷം നടത്തുവാൻ ഉദ്ദേശിക്കുന്നു. അവയെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതാണ്.

നമ്മുടെ രൂപത ഇപ്പോൾ കുടുംബ കൂട്ടായ്മ വർഷത്തിലാണ്. സ്നേഹത്തിന്റെ സന്തോഷം എന്ന അപ്പസ്തോലിക ലേഖനത്തെക്കുറിച്ച് കൂടുതൽ പഠിക്കുവാനും കുടുംബങ്ങളുടെ സന്തോഷം പങ്കുവയ്ക്കുവാനും നമ്മുടെ കുടംബ യുണിറ്റ് സമ്മേള നങ്ങളെ ഉപയോഗിക്കാം. മാർ യൗസേപ്പിതാവിന്റെ വർഷത്തിലൂടെ (2020 ഡിസംബർ 8 - 2021 ഡിസംബർ 8) നാം മുന്നോട്ടു പോകുമ്പോൾ എല്ലാ കുടുംബങ്ങൾക്കും അവ ലംബവും പ്രചോദനവുമായ നസ്രത്തിലെ കുടുംബത്തിന്റെ മാതൃകയിൽ നമ്മുടെ കുടംബങ്ങളെയും രൂപപ്പെടുത്തുവാൻ നമുക്ക് മാർ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം.

നിങ്ങളെയെല്ലാവരെയും നമ്മുടെ കർത്താവായ ഈശോ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ
ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഈ സർക്കുലർ ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2021 മാർച്ച് 22ന് മുമ്പായി വായിക്കേണ്ടതാണ്.